ബൊറർമെൻറ് ലെവി.

* 1557. [18] ശ്രീ. കെ. കൊച്ചുകുട്ടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ കനാലിൽനിന്നും വെള്ളം കിട്ടുന്ന പറമ്പുകൾക്കും പാടങ്ങൾക്കും മുമ്പേതിയിട്ടുള്ള ബൊറർമെൻറ് ലെവി പിരിച്ചുതുടങ്ങിയോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതലുള്ളതു പിരിക്കുന്നതിനാണ് നിർദ്ദേശം;

(സി) കഴിഞ്ഞ കാലത്തെ നികുതി ഇപ്പോൾ നികുതിദായകന്മാർ ഒന്നിച്ചു കൊടുക്കേണ്ടിവരുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽമജീദ്) :

(എ) ഇല്ല.

(ബി) ഇറിഗേഷൻ ബിൽ പാസ്സായ ശേഷം അതിലെ നിബന്ധനകൾ അനുസരിച്ച് പിരിക്കാൻ തുടങ്ങുന്നതാണ്.

(സി) പുതിയ ഇറിഗേഷൻ ബിൽപ്രകാരം ഇതു 20 വാർഷികഗഡുക്കളായി അടച്ചുതീർക്കേണ്ടതാണ്.

സഹകരണസംഘങ്ങളുടെ ആഡിറ്റ്.

* 1558. [19] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളിൽ എത്രയെണ്ണത്തിന്റെ 1957-58 വർഷത്തെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്;

(ബി) എത്ര സംഘങ്ങളുടെ മേൽ കൊല്ലത്തെ ആഡിറ്റ് ഇതേവരെ നടന്നിട്ടില്ല;

(സി) എറണാകുളം ഡിസ്ട്രിക്ടിൽ ആഡിറ്റ് ചെയ്യാത്ത സംഘങ്ങൾ ഏതെല്ലാം ;

(ഡി) എന്താണ് ആഡിറ്റ് ചെയ്യാതിരിക്കുവാൻ കാരണം ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 1959 മാർച്ച് 31-ാംതീയതിവരെ 1950 സഹകരണസംഘങ്ങളുടെ 1957-58 വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി) 1928 സഹകരണസംഘങ്ങളുടെ പ്രസ്തുത വർഷത്തെ ആഡിറ്റ് നടന്നിട്ടില്ല. ഇതു് വ്യവസായസഹകരണസംഘങ്ങളെ കൂടാതുള്ളതാണ്.

(സി) പ്രസ്തുത വർഷത്തിൽ എറണാകുളം ഡിസ്ട്രിക്ടിൽ ആഡിറ്റ് ചെയ്യാത്ത സംഘങ്ങളുടെ എണ്ണം 147 ആണ്. അവയുടെ പേരുകൾ ഇപ്പോൾ കൈവശമില്ല.

(ഡി) സംഘങ്ങളുടെ എണ്ണത്തിലും പ്രവർത്തനപരിധികളിലും വളരെ വർദ്ധനവു ഉണ്ടായിരിക്കുക, ആഡിറ്റർമാരുടെ നിയമനം യഥാകാലം നടക്കാതിരിക്കുക, 1956-57 വർഷത്തെ ആഡിറ്റ് പൂർത്തിയാക്കുന്നതിനു് ഉണ്ടായ താമസം, ആഡിറ്റ് ഫാറങ്ങൾ അച്ചടിച്ചു കിട്ടുന്നതിനു് ഉണ്ടായ കാലതാമസം, സംഘങ്ങൾ പലതിലും ശരിയായ രീതിയിൽ കണക്കുകൾ സൂക്ഷിക്കാതിരിക്കുന്നതിനാലുണ്ടാകുന്ന ബുദ്ധിമുട്ട്, ആവശ്യമായ റിക്കാർഡുകൾ യഥാകാലം കിട്ടാതെ വരിക, തുടങ്ങിയവയാണ് ആഡിറ്റ് യഥാകാലം നടക്കാതെ വരുവാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly